ആൻഡേഴ്സനെ വിട്ടത് രാജീവിൻെറ നിർദേശപ്രകാരമെന്ന് സി.ഐ.എ. രേഖ

ന്യൂഡൽഹി: യൂണിയൻ കാർബൈഡ് മുൻ ചെയർമാൻ വാറൻ ആൻഡേഴ്സനെ വിട്ടയയ്ക്കാൻ നിർദേശിച്ചത് അന്നത്തെ പ്രധാനമന്ത്രി രാജീവ്ഗാന്ധിയാണെന്ന് സൂചന. ഇതുസംബന്ധിച്ച സി.ഐ.എ. രേഖകൾ സി.എൻ.എൻ.–ഐ.ബി.എൻ. പുറത്തുവിട്ടു. 1984 ഡിസംബർ ഏഴിന് അറസ്റ്റിലായ ആൻഡേഴ്സനെ മോചിപ്പിച്ചത് കേന്ദ്രം മധ്യപ്രദേശ് സർക്കാറിനോട് നിർദേശിച്ചതിനെത്തുടർന്നാണെന്ന്, ആൻഡേഴ്സനെ വിട്ടതിൻെറ പിറ്റേന്ന് തയ്യാറാക്കിയതും അടുത്തയിടെ പരസ്യപ്പെടുത്തിയതുമായ രേഖകളിൽ നിന്നു വ്യക്തമാകുന്നു. നിർദേശത്തിനു പിന്നിൽ രാജീവാണെന്ന് ദുരന്തസമയത്ത് മധ്യപ്രദേശ് കൃഷി സെക്രട്ടറിയായിരുന്ന ആർ.സി. ജയിനും വ്യക്തമാക്കി. അതേസമയം, ഈ ആരോപണങ്ങൾ കോൺഗ്രസ് നേതൃത്വം നിഷേധിച്ചിട്ടുണ്ട്.

തിരഞ്ഞെടുപ്പ് അടുത്തിരിക്കെ സംസ്ഥാനത്തെയും കേന്ദ്രത്തിലെയും രാഷ്ട്രീയക്കാർ തങ്ങളുടെ ഉത്തരവാദിത്വത്തിൽ നിന്ന് മാറി, യൂണിയൻ കാർബൈഡിൽ നിന്ന് നഷ്ടപരിഹാരത്തിന് ശ്രമിക്കുകയാണെന്നും സി.ഐ.എ. രേഖയിൽ പറയുന്നു.

രഹസ്യപ്പട്ടികയിൽ നിന്നു നീക്കിയ രേഖ ചാനലിൻെറ വെബ്സൈറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. വാതക ദുരന്തത്തിൻെറ പശ്ചാത്തലത്തിൽ പുതുതായി വരുന്ന സർക്കാറുകൾ ബഹുരാഷ്ട്ര കുത്തകകളുമായി, പ്രത്യേകിച്ച് അമേരിക്കൻ കമ്പനികളുമായി സഹകരിക്കാൻ മടിക്കുമെന്ന് കേന്ദ്രസർക്കാർ കരുതിയിരുന്നതായും സി.ഐ.എ. രേഖയിൽ പറയുന്നു.

കേന്ദ്രത്തിൽ നിന്നുള്ള നിർദേശത്തിലേക്കാണ് ദുരന്തം നേരിടുന്നതിന് രൂപവത്കരിച്ച സമിതിയിലെ അംഗം കൂടിയായ ആർ.സി. ജെയിൻ വിരൽചൂണ്ടുന്നത്. ആൻഡേഴ്സനെ മോചിപ്പിക്കാൻ പറഞ്ഞത് മുഖ്യമന്ത്രിയായിരുന്നുവെങ്കിലും നിർദേശം കേന്ദ്രത്തിൻെറതാണെന്ന് അദ്ദേഹം വ്യക്തമാക്കി.

അമേരിക്കൻ സർക്കാറിൻെറ സമ്മർദത്തെത്തുടർന്ന് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധിയാണ് നിർദേശത്തിന് പിന്നിലെന്ന് അദ്ദേഹം പറഞ്ഞു.

മധ്യപ്രദേശിൽ അന്ന് തിരഞ്ഞെടുപ്പ് പ്രചാരണത്തിന് രാജീവ് ഗാന്ധിയെത്തിയ ദിവസമായിരുന്നു. അർജുൻ സിങ്ങും ആ ചടങ്ങിൽ രാജീവിനൊപ്പമുണ്ടായിരുന്നു. ദുരന്തത്തെത്തുടർന്നു നടന്ന ഒരു യോഗത്തിനിടയിലാണ് ആൻഡേഴ്സനെ അറസ്റ്റുചെയ്ത വവരം ജില്ലാ മജിസ്ട്രേട്ട് മോത്തി സിങ് അറിയിച്ചത്. മുഖ്യമന്ത്രിയുടെ അറിവോടെ തന്നെയാണ് അറസ്റ്റെന്നും അദ്ദേഹം പറഞ്ഞു.

ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ അർജുൻ വിളിച്ചു ആൻഡേഴ്സനെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുവെന്ന് ആർ. സി. ജെയിൻ ഓർക്കുന്നു. അതു ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് ചീഫ് സെക്രട്ടറി ബ്രഹ്മദത്ത് പറഞ്ഞു. എന്നാൽ മോചിപ്പക്കുന്നതിന് ഒരു വഴി കണ്ടേപറ്റൂവെന്നായിരുന്നു മുഖ്യമന്ത്രിയുടെ മറുപടി. രാജീവിന് നടപടിയെടുത്തത് സംബന്ധിച്ച റിപ്പോർട്ടു നൽകണമെന്നും സിങ് പറഞ്ഞതായി ജെയിൻ ഓർക്കുന്നു.

തുടർന്നാണ്, ആൻഡേഴ്സനെ മോചിപ്പിക്കാനുള്ള നടപടികൾ തുടങ്ങിയത്. പിറ്റേന്ന് അർജുൻ സിങ്ങിനെ കണ്ട മറ്റൊരു സെക്രട്ടറിയോട്, അമേരിക്കൻ പ്രസിഡൻറ് റൊണാൾഡ് റീഗൻെറ അഭ്യർഥനയാണ് ആൻഡേഴ്സൻെറ മോചനത്തിന് പിറകിലെന്ന് അദ്ദേഹം വെളിപ്പെടുത്തിയതായി ജെയിൻ ഓർമിച്ചു. സംസ്ഥാന സർക്കാറിൻെറ ഔദ്യോഗിക വിമാനം വിട്ടുകൊടുക്കാനും നിർദേശിച്ചത് അർജുൻ സിങ്ങാണെന്ന് അദ്ദേഹം ഒരു അഭിമുഖത്തിൽ വെളിപ്പെടുത്തുന്നു.

എന്നാൽ സംഭവത്തിൽ രാജീവിനോ, അന്നത്തെ കേന്ദ്ര സർക്കാറിനോ പങ്കില്ലെന്ന് കോൺഗ്രസ് വ്യക്തമാക്കി. അതെല്ലാം അടിസ്ഥാനമില്ലാത്ത ആരോപണങ്ങളാണെന്ന് കോൺഗ്രസ് വക്താവ് ജയന്തി നടരാജൻ പറഞ്ഞു.

ആൻഡേഴ്സൻെറ മോചനം: അർജുൻസിങ്ങിനുമേൽ സമ്മർദം

ന്യൂഡൽഹി: ഭോപ്പാൽ വാതക ദുരന്തത്തെത്തുടർന്ന് കസ്റ്റഡിയിലായ യൂണിയൻ കാർബൈഡ് ചെയർമാൻ വാറൻ ആൻഡേഴ്സനെ മോചിപ്പിക്കാനുള്ള നിർദേശം നല്കിയതാരെന്ന് വെളിപ്പെടുത്താൻ കോൺഗ്രസ് നേതാവ് അർജുൻ സിങ്ങിനുമേൽ സമ്മർദമേറുന്നു. അതോടൊപ്പം അർജുൻ സിങ്ങിനെ ഒറ്റപ്പെടുത്താനുള്ള നീക്കങ്ങളും പാർട്ടിക്കുള്ളിൽ സജീവമായി. ഈ സംഭവത്തിൽ കേന്ദ്രസർക്കാറിന് ഒരു പങ്കുമില്ലെന്ന് അന്നത്തെ പ്രധാനമന്ത്രിയുടെ സ്പെഷൽ സെക്രട്ടറി ആർ.കെ. ധവാനും പ്രിൻസിപ്പൽ സെക്രട്ടറി പി.സി. അലക്സാണ്ടറും വ്യക്തമാക്കി. എന്നാൽ, ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ട ബാധ്യത അർജുൻസിങ്ങിനുണ്ടെന്ന് മധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാൻ പറഞ്ഞു. ഭോപ്പാൽ ദുരന്തത്തിൽപ്പെട്ടവർക്ക് എല്ലാ സഹായവും ഉറപ്പുനല്കുമെന്ന് പ്രഖ്യാപിച്ചപ്പോഴാണ് ചൗഹാൻ ഈ വിഷയം എടുത്തിട്ടത്.

''സർക്കാറിൻെറ വിമാനം ആൻഡേഴ്സനു വിട്ടുകൊടുക്കാൻ അനുമതി നല്കിയിരുന്നോ എന്ന് അർജുൻ സിങ് വ്യക്തമാക്കണം. അത്തരമൊരു നിർദേശം നല്കിയതെന്തിന്? ഇക്കാര്യത്തിൽ ഒരു മറുപടി ആവശ്യമാണ്'' –ചൗഹാൻ പറഞ്ഞു. കുറ്റപത്രത്തിലെ ചില വകുപ്പുകൾ സുപ്രീംകോടതി റദ്ദാക്കിയപ്പോൾ എന്തുകൊണ്ട് സി.ബി.ഐ. പുനഃപരിശോധനാഹർജി നല്കിയില്ലെന്ന് അദ്ദേഹം ചോദിച്ചു.

എന്നാൽ ആൻഡേഴ്സനെ മോചിപ്പിച്ചതിൻെറ ഉത്തരവാദിത്വം അർജുൻസിങ്ങിൻെറ തലയിൽ കെട്ടിവെച്ച് കോൺഗ്രസ്സിലെ ഉന്നത കേന്ദ്രങ്ങളെ സംരക്ഷിക്കാനുള്ള ശ്രമങ്ങൾക്ക് ആക്കംകൂട്ടിയതിൻെറ സൂചനയാണ് അലക്സാണ്ടറുടെയും ധവാൻെറയും വാക്കുകൾ നല്കുന്നത്. അർജുൻസിങ്ങാണ് ആൻഡേഴ്സനെ മോചിപ്പിച്ചതു സംബന്ധിച്ച് പറയേണ്ടതെന്ന് ധവാൻ സൂചിപ്പിച്ചു. ആൻഡേഴ്സനെ മോചിപ്പിക്കുന്നതിന് പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്നാരും വിളിച്ചിട്ടില്ല. ഇക്കാര്യത്തിൽ മറുപടി പറയേണ്ടത് അർജുൻസിങ്ങാണ് –ധവാൻ പറഞ്ഞു. സംസ്ഥാനസർക്കാറിനെ വിളിച്ച് ആൻഡേഴ്സനെ മോചിപ്പിക്കാൻ നിർദേശിച്ചിട്ടില്ലെന്ന് അലക്സാണ്ടറും പറഞ്ഞതോടെ, അർജുൻസിങ്ങിനെ ഒറ്റപ്പെടുത്താനുള്ള ശ്രമമാണ് കോൺഗ്രസ് നടത്തുന്നതെന്ന് ഉറപ്പായി.

വാറൻ ആൻഡേഴ്സനെ വിട്ടുകിട്ടാൻ ഇപ്പോൾ നടത്തുന്ന ശ്രമങ്ങൾ അർഥശൂന്യമാണെന്ന് മുൻ അറ്റോർണി ജനറൽ സോളിസൊറാബ്ജി പറഞ്ഞു. ആൻഡേഴ്സനെ വിട്ടുകിട്ടുന്നതിനുവേണ്ടി 1998ൽ എൻ.ഡി.എ. സർക്കാറിനെ ശക്തമായി ഉപദേശിച്ചയാളാണ് സോളി സൊറാബ്ജി. എന്നാൽ അമേരിക്കൻ നിയമസ്ഥാപനങ്ങളിൽനിന്ന് ലഭിച്ച ഉപദേശത്തെത്തുടർന്ന് അദ്ദേഹം നിലപാട് മാറ്റി.

അതിനിടെ, കഴിഞ്ഞവർഷം ഭോപ്പാലിലെ വിചാരണക്കോടതി ആൻഡേഴ്സനെതിരെ അറസ്റ്റുവാറൻറ് പുറപ്പെടുവിച്ചതാണെന്നും സി.ബി.ഐ. അതിനോട് രേഖാമൂലം പ്രതികരിച്ചില്ലെന്നും കോടതിയുമായി ബന്ധപ്പെട്ട വൃത്തങ്ങൾ പറഞ്ഞു. 1992ലാണ് ആൻഡേഴ്സനെതിരെ ആദ്യത്തെ വാറൻറ് വന്നത്.

സെനാനിയും മണ്ടേലയും

കൊച്ചുമകൾ അപകടത്തിൽ മരിച്ചു; ഉദ്ഘാടനത്തിന് മണ്ടേലയെത്തിയില്ല

ജൊഹാനസ്ബർഗ്: ദക്ഷിണാഫ്രിക്കയെ പുതുയുഗപ്പിറവിയിലേക്ക് നയിച്ച നെൽസൺ മണ്ടേലയെ വീണ്ടും ദുരന്തം വേട്ടയാടി. രാജ്യം ലോകകപ്പിൻെറ ആവേശത്തിൽ ആഹ്ലാദനൃത്തമാടവെ അദ്ദേഹത്തിൻെറ മകളുടെ കൊച്ചുമകൾ വാഹനാപകടത്തിൽ മരിച്ചു. ലോകകപ്പ് ദക്ഷിണാഫ്രിക്കയിലെത്തിച്ച നേതാവിന് അതു കാരണം ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുക്കാനായില്ല.

ലോകകപ്പ് തുടങ്ങുന്നതിന് മുന്നോടിയായി ജൊഹാനസ്ബർഗിലെ ഓർലാൻഡോ സ്റ്റേഡിയത്തിൽ വ്യാഴാഴ്ച നടന്ന സംഗീതനിശ കണ്ടു മടങ്ങുമ്പോഴാണ് മണ്ടേലയുടെയും മുൻ ഭാര്യ വിന്നിയുടെയും മകൾ സിൻഡ്സി മണ്ടേലയുടെ കൊച്ചുമകൾ സെനാനി മണ്ടേല (13) കാറപകടത്തിൽ മരിച്ചത്. അപകടസമയത്ത് വിന്നി മണ്ടേലയും കാറിലുണ്ടായിരുന്നു. മണ്ടേല കുടുംബത്തിൻെറ ബന്ധു കൂടിയായ ഡ്രൈവറെ മദ്യപിച്ച് കാറോടിച്ചതിന് പോലീസ് അറസ്റ്റു ചെയ്തിട്ടുണ്ട്.

◆ കാലാവസ്ഥ ◆

തിരുവനന്തപുരം: മിക്ക സ്ഥലങ്ങളിലും മഴയ്ക്ക് സാധ്യത.

സ്ഥലം	കൂടിയ ചൂട്	കുറഞ്ഞ ചൂട്	പെയ്ത മഴ	ജൂൺ 1 മുതൽ പെയ്തമഴ
	ഡിഗ്രി സെൽഷ്യസ്		മില്ലിമീറ്റർ	
ആലപ്പുഴ	29	23	36	159
കണ്ണൂർ	31	24	45	169
കോഴിക്കോട് വിമാനത്താവളം	29	23	30	102
കൊച്ചി വിമാനത്താവളം	29	22	47	217
കോട്ടയം	29	23	28	223
കോഴിക്കോട്	30	24	51	245
പുനലൂർ	30	23	14	137
തിരുവനന്തപുരം വിമാനത്താവളം	30	23	33	81
തിരുവനന്തപുരം സിറ്റി	30	23	33	73

◆ ഇന്നറിയാൻ ◆

◆ രാവിലെ എട്ടു മുതൽ അഞ്ചുമണിവരെ ആനപ്പാറ, ചെറുപ്പാട്, കന്നൂട്ടിപ്പാറ, പൂനൂർ എസ്റ്റേറ്റ്, മുന്നാംതോട്, അൽഫോൺസ, കുണ്ടുതോട്, വീട്ടിക്കോട്ട ഭാഗങ്ങളിൽ വൈദ്യുതി മുടങ്ങും.

15 വരെ കനത്ത മഴ; കാറ്റിനും സാധ്യത

തിരുവനന്തപുരം: കേരളത്തിൽ കാലവർഷം സജീവമാകുന്നു. ജൂൺ 15 വരെ ശക്തമായ മഴയ്ക്കും കരയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

ആന്ധ്ര – തമിഴ്നാട് തീരത്ത് ന്യൂനമർദ്ദം നിലവിലുണ്ട്. മംഗലാപുരം തീരത്തിനടുത്ത് അറബിക്കടലിൽ വേറൊരു ന്യൂനമർദ്ദം രൂപപ്പെടാനുള്ള അനുകൂല സാഹചര്യവുമുണ്ട്. ഇക്കാരണങ്ങളാൽ മൺസൂൺ കാറ്റ് ശക്തമാവുമെന്നും കൂടുതൽ മഴ പെയ്യുമെന്നുമാണ് പ്രവചനം.

കസ്റ്റഡി മരണം: സർക്കാരിൻെറ അപ്പീൽ തള്ളി

കൊച്ചി: പാലക്കാട്ട് സമ്പത്തിൻെറ കസ്റ്റഡി മരണം സംബന്ധിച്ച അന്വേഷണം സി.ബി.ഐക്ക് വിടുന്നതിനെതിരെ സർക്കാർ നൽകിയ അപ്പീൽ ഹൈക്കോടതി തള്ളി.

ഷീല വധക്കേസിൽ അഞ്ച് ദിവസത്തിനകം പ്രതികളെ പിടികൂടിയ പോലീസ് കസ്റ്റഡി മരണക്കേസിൽ പ്രതികളായ പോലീസുകാരെ രണ്ടുമാസം കഴിഞ്ഞിട്ടും പിടികൂടിയിട്ടില്ല. സി.ബി.ഐ. അന്വേഷണം പോലീസിൻെറ ആത്മവീര്യം തകർക്കുമെന്ന വാദത്തിന് എന്തടിസ്ഥാനമാണുള്ളതെന്ന് ചീഫ് ജസ്റ്റിസ് ജെ. ചെലമേശ്വറും ജസ്റ്റിസ് പി.എൻ. രവീന്ദ്രനും ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച് വാദത്തിനിടെ ചോദിച്ചു.

ദേഹത്ത് 63 മുറിവേറ്റാണ് സമ്പത്ത് മരിച്ചത്. കസ്റ്റഡി മരണമാണെന്ന് ആർക്കും സംശയമില്ല. 14 പോലീസുകാർക്കെതിരെ കേസ്സെടുത്തിട്ടുമുണ്ട്. എന്നാൽ കൂടുതൽ പേർ ഉൾപ്പെട്ടിട്ടുണ്ട് എന്ന് സംശയം നിലനിൽക്കുന്ന സാഹചര്യത്തിൽ യഥാർഥ വസ്തുത കണ്ടെത്താൻ മറ്റൊരു ഏജൻസി അന്വേഷിക്കുന്നതിനെ സർക്കാർ എതിർക്കുന്നതെന്തിനാണ് എന്നായിരുന്നു കോടതി വാദത്തിനിടെ പലതവണ ചോദിച്ചത്. സിംഗിൾ ബെഞ്ചിൻെറ ഉത്തരവിൽ ഏതെങ്കിലുമൊരു ഉന്നത ഉദ്യോഗസ്ഥനെ പ്രതിസ്ഥാനത്ത് നിർത്തുവാനുള്ള യാതൊരു നിർദ്ദേശവുമില്ല എന്ന് ഡിവിഷൻ ബെഞ്ച് വ്യക്തമാക്കിയിട്ടുണ്ട്.

അന്വേഷണം സി.ബി.ഐക്ക് വിട്ടുകൊണ്ടുള്ള സിംഗിൾബെഞ്ചിൻെറ ഉത്തരവ് സ്റ്റേ ചെയ്യണമെന്ന മുൻ എസ്.പി. വിജയ് സാഖറേയുടെ ആവശ്യവും കോടതി തള്ളിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഹർജിക്കാരനെതിരായ പരാമർശം കോടതിയുടെ ഉത്തരവായി കണക്കാക്കാതെ വേണം സി.ബി.ഐ. അന്വേഷണം നടത്താനെന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കസ്റ്റഡി മരണക്കേസിൽ നിലവിൽ കുറ്റാരോപിതരായ 14 പോലീസുദ്യോഗസ്ഥർക്കു പുറമേ ഏത് ഉന്നത ഉദ്യോഗസ്ഥൻ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അതേപ്പറ്റി സമഗ്രമായ അന്വേഷണം നടത്തി നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്നാണ് ഡിവിഷൻ ബെഞ്ച് പറഞ്ഞിട്ടുള്ളത്.

സി.ബി.ഐ. അന്വേഷണത്തിനെതിരെ ഷീലയുടെ അമ്മ കാർത്ത്യായനി അമ്മ നൽകിയ ഹർജി വിജയ് സാഖറേയുടെ ഹർജിയോടൊപ്പം പരിഗണിക്കും. സിംഗിൾബെഞ്ചിൻെറ ഉത്തരവിൽ വിജയ് സാഖറേക്കെതിരായ പരാമർശം നീക്കണമെന്ന ആവശ്യമാണ് കോടതി പിന്നീട് പരിഗണിക്കാനായി മാറ്റിയിട്ടുള്ളത്.

കസ്റ്റഡി മരണക്കേസിൽ പ്രതികളായ പോലീസുകാർ ഒളിവിലായതിനാൽ അവർ സസ്പെൻഷൻ ഉത്തരവ് നേരിട്ട് കൈപ്പറ്റിയിട്ടില്ലെന്നും, സസ്പെൻഷൻ കാലയളവിലെ നാമാത്ര ശമ്പളം വാങ്ങിയിട്ടില്ലെന്നും സർക്കാർ ആദ്യമേതന്നെ കോടതിയെ അറിയിച്ചു. എങ്കിൽ, ഇവരെ അറസ്റ്റ് ചെയ്യാൻ സർക്കാർ മടിക്കുന്നതെന്തിന് എന്നായി കോടതി. ഇവരെല്ലാം മുൻകൂർ ജാമ്യാപേക്ഷ നൽകിയിട്ടുണ്ട്.

ഈ കാലയളവിൽ അറസ്റ്റ് പതിവില്ല എന്ന് സർക്കാർ വ്യക്തമാക്കി. അക്കാര്യം രേഖപ്പെടുത്താനാവുമോ എന്ന് കോടതി ആരാഞ്ഞു. പറ്റില്ലെന്ന് സർക്കാർ മറുപടിയും നൽകി.

സമ്പത്ത് വധക്കേസന്വേഷണം സി.ബി.ഐക്ക് വിടുന്നത് ഷീല വധക്കേസ്സന്വേഷണത്തെ ബാധിക്കരുതെന്നും ആവശ്യമെങ്കിൽ പ്രസ്തുത അന്വേഷണം കഴിവുതെളിയിച്ച മറ്റേതെങ്കിലും ഉദ്യോഗസ്ഥനെ ഏല്പിക്കാവുന്നതാണെന്നുമുള്ള സിംഗിൾ ബെഞ്ചിൻെറ നിർദ്ദേശത്തെയും സർക്കാർ ചോദ്യം ചെയ്തിരുന്നു.

ഷീല വധക്കേസ്സിനെപ്പറ്റി സിംഗിൾ ബെഞ്ച് നിർദ്ദേശം നൽകിയത് ശരിയായില്ലെന്നായിരുന്നു വാദം. എന്നാൽ അത് നിർദ്ദേശമല്ലെന്നും സർക്കാരിന് വേണമെങ്കിൽ നടപടിയെടുത്താൽ മതിയെന്നും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

സിംഗിൾ ബെഞ്ചിൻെറ ഉത്തരവിലെ ചില പരാമർശം ചൂണ്ടിക്കാട്ടിയുള്ള പ്രതിരോധത്തിനാണ് പിന്നീട് സർക്കാർ ശ്രമിച്ചത്. 'ഉന്നതരെ രക്ഷിക്കാനുള്ള ശ്രമം', 'നരവേട്ട' തുടങ്ങിയ പരാമർശങ്ങളും ആരോപണങ്ങളും സർക്കാരിനെ വിഷമത്തിലാക്കുന്നു എന്നായിരുന്നു വാദം. പക്ഷേ ഇതും കോടതി അംഗീകരിച്ചില്ല. ചില പരാമർശങ്ങളെ മാത്രമാണ് സർക്കാർ ചോദ്യം ചെയ്യുന്നത്. എന്നിരിക്കേ അന്വേഷണം സി.ബി.ഐക്ക് വിടുന്നതിലെന്താണ് തകരാറ് എന്നായിരുന്നു കോടതിയുടെ ചോദ്യം.

ഡി.സി.സി. തിരഞ്ഞെടുപ്പ് അടുത്ത ആഴ്ചത്തേക്ക് നീളും

തിരുവനന്തപുരം: സമവായ ചർച്ചകൾ പൂർത്തിയാകാത്തതിനാൽ കോൺഗ്രസ്സ് സംഘടനാ തിരഞ്ഞെടുപ്പ് നീളും. ഡി. സി. സികളിലേക്കുള്ള തിരഞ്ഞെടുപ്പ് ജൂൺ 14 ന് തുടങ്ങാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. മെയ് 25 ന് കെ. പി. സി. സി. ആസ്ഥാനത്ത് തുടങ്ങിയ സമവായ ചർച്ചകൾ ഇപ്പോഴും അവസാനിച്ചിട്ടില്ല.

ഡി. സി. സി, കെ. പി. സി. സി. അംഗങ്ങൾ, ബ്ലോക്ക്, മണ്ഡലം പ്രസിഡൻറുമാർ എന്നിവരുടെ തിരഞ്ഞെടുപ്പ് ഏതാണ്ട് പൂർത്തിയായെങ്കിലും സമവായത്തിൻെറ പേരിലുള്ള വീതംവെയ്പ്പ് ധാരണയാകാത്തതാണ് പ്രശ്നം. രമേശ് ചെന്നിത്തല, ഉമ്മൻചാണ്ടി, എം. ഐ. ഷാനവാസ് തുടങ്ങിയവരാണ് സമവായ ചർച്ചകളിൽ പങ്കെടുക്കുന്നത്. കെ. കരുണാകരൻെറ അനുയായികൾക്ക് സ്ഥാനങ്ങൾ നൽകുന്നതിനെ ചൊല്ലിയുള്ള തർക്കവും തുടരുന്നു. തൃശ്ശൂർ ഡി. സി. സിയടക്കം കരുണാകരവിഭാഗം ഉയർത്തുന്ന ആവശ്യങ്ങൾ അംഗീകരിക്കാൻ നേതൃത്വം തയ്യാറായിട്ടില്ല. കരുണാകരൻ പാർട്ടിവിടുന്നതിന് മുമ്പ് തൻെറ വിഭാഗത്തിന് ഉണ്ടായിരുന്ന പ്രാതിനിധ്യം നൽകണമെന്നാണ് അദ്ദേഹത്തിൻെറ ആവശ്യം.

പനിക്ക് ശമനമില്ല; ആറ് മരണം

തിരുവനന്തപുരം: പനി ബാധിച്ച് വെള്ളിയാഴ്ച അഞ്ച് പേരും എച്ച് വൺ എൻ വൺ ബാധിച്ച് ആലപ്പുഴയിൽ യുവതിയും മരിച്ചു. തിരുവനന്തപുരം , കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിലാണ് പനി മരണം. അഞ്ചുതെങ്ങ് ചൗക്കവിളാകം പുരയിടം പത്രോസ് (55) തിരുവനന്തപുരം മെഡിക്കൽ കോളേജിലും ചാത്തന്നൂർ മീനാട് ബിജോയ് ഭവനിൽ ബിജോയ് (26) കൊട്ടിയത്തെ സ്വകാര്യ ആസ്പത്രിയിലുമാണ് മരിച്ചത്. കോട്ടയം ജില്ലയിൽ പള്ളിക്കത്തോട് 58 കോളനി മംഗലത്ത് കുന്നേൽ ഗോപാലൻ (53), ആലപ്പുഴ ജില്ലയിൽ കായംകുളം പെരിങ്ങാല പുളിന്താനത്ത് അഫ്മ ബീവി (67), പ്രയാർ തെക്ക് സജി ഭവനിൽ മോഹനൻെറ ഭാര്യ സരസ്വതി (48) എന്നിവരും പനി ബാധിച്ചു മരിച്ചു. ചേർത്തല കെ. ആർ. പുരം സ്വദേശിയായ യുവതിയാണ് എച്ച് വൺ എൻ വൺ ബാധിച്ച് കോട്ടയം മെഡിക്കൽ കോളേജിൽ മരിച്ചത്.

സംസ്ഥാനത്ത് 30 പേർക്ക് എച്ച് വൺ എൻ വൺ സ്ഥിരീകരിച്ചിട്ടുണ്ട്. എറണാകുളത്ത് വ്യാഴാഴ്ച എച്ച് വൺ എൻ വൺ ബാധിച്ച് മരിച്ചയാൾക്ക് എലിപ്പനിയും ഉണ്ടായിരുന്നതായി ആരോഗ്യ വകുപ്പധികൃതർ അറിയിച്ചു. സർക്കാർ ആസ്പത്രികളിൽ പുതിയ രോഗികൾ ഉൾപ്പെടെ 8508 പേർ പനി ചികിത്സക്ക് എത്തിയതായാണ് ആരോഗ്യ വകുപ്പിൻെറ കണക്ക്. തിരുവനന്തപുരം ജില്ലയിൽ അഞ്ചുപേർക്ക് ഡെങ്കിപ്പനിയും ഒരാൾക്ക് എലിപ്പനിയും ഉള്ളതായി കണ്ടെത്തി. 16 പേർക്ക് എച്ച് വൺ എൻ വൺ ഉള്ളതായി സ്ഥിരീകരിച്ചിട്ടുണ്ട്. 31 പേർ ജനറൽ ആസ്പത്രിയിൽ നിരീക്ഷണത്തിലുണ്ട്.

കൊല്ലം ജില്ലയിൽ ഏഴ് പേർക്ക് എച്ച് വൺ എൻ വൺ സ്ഥിരീകരിച്ചു. പുനലൂർ, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ നിന്നായി നാല് പേർ ഡെങ്കിപ്പനി ചികിത്സക്ക് എത്തിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ 456 പേരാണ് പനിബാധിതരായുള്ളത്. ആലപ്പുഴയിൽ 1084 പനിബാധിതർ ഉള്ളതായി ആരോഗ്യ വകുപ്പ് പറയുന്നുണ്ട്. രണ്ട് പേർക്ക് ഡെങ്കിപ്പനി സ്ഥിരീകരിച്ചു.

കോട്ടയം ജില്ലയിൽ മൂന്നുപേർക്ക് ഡെങ്കിപ്പനിയാണെന്ന് കണ്ടെത്തി.

എറണാകുളം ജില്ലയിൽ രണ്ട് പേർക്ക് ഡെങ്കിപ്പനി സ്ഥിരീകരിച്ചു. 98 പേർക്ക് വയറിളക്ക രോഗവും കണ്ടെത്തിയിട്ടുണ്ട്. ഇടുക്കിയിൽ തൊടുപുഴ മേഖലയിൽ രണ്ട് പേർക്ക് ഡെങ്കിപ്പനി സ്ഥിരീകരിച്ചു. തൊടുപുഴയിൽ ഒരാൾക്ക് എലിപ്പനിയും ബാധിച്ചിട്ടുണ്ട്. തൃശ്ശൂരിൽ 1287 പേർ പനിക്ക് ചികിത്സ തേടി. രണ്ട് പേർക്ക് ചിക്കുൻഗുനിയയും സ്ഥിരീകരിച്ചു.

പാലക്കാട്ട് 798 പേരും മലപ്പുറത്ത് 442 പേരും ചികിത്സക്കെത്തി. മലപ്പുറത്ത് ഒരാൾക്ക് എച്ച് വൺ എൻ വൺ സ്ഥിരീകരിച്ചു. അഞ്ച് പേർ ഡെങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടി. കോഴിക്കോട് ജില്ലയിൽ 313 പേരാണ് പനിബാധിതരായുള്ളത്. അഞ്ച് പേർക്ക് എച്ച്വൺ എൻ. വൺ സ്ഥിരീകരിച്ചു. ഒരാൾക്ക് ഡെങ്കിപ്പനിയും ഒരു മലമ്പനിയും സ്ഥിരീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ നാലുപേർക്ക് എലിപ്പനി സ്ഥിരീകരിച്ചു.

കണ്ണൂരിൽ 305 ആണ് പനിബാധിതരുടെ എണ്ണം. മൂന്ന് പേർക്ക് എച്ച് വൺ എൻ വൺ സ്ഥിരീകരിച്ചിട്ടുണ്ട്. കാസർ കോട് 318 പേർ പനിബാധിച്ച് ചികിത്സ തേടി. ഇവിടെ ആറ് പേർക്ക് ഡെങ്കിപ്പനിയും ഒരാൾക്ക് എലിപ്പനിയും ഉണ്ടെന്ന് കണ്ടെത്തി.

പാക് പൗരത്വമുള്ള മലയാളികൾക്ക് ദീർഘകാല വിസ നല്കും

ന്യൂഡൽഹി: കേരളത്തിൽ സ്ഥിരതാമസമാക്കിയവരും ഇന്ത്യൻ പൗരത്വം ആഗ്രഹിക്കുന്നവരുമായ പാകിസ്താൻ പൗരന്മാരടക്കമുള്ള ചില പ്രത്യേകവിഭാഗക്കാർക്ക് ദീർഘകാലത്തേക്ക് വിസ അനുവദിക്കും. വിഭജനകാലത്ത് കുടുംബത്തെ കേരളത്തിൽ വിട്ട് പാകിസ്താനിലേക്ക് പോവുകയും പിന്നീട് പാകിസ്താൻ പാസ്പോർട്ടിൽ ഇന്ത്യയിൽ മടങ്ങിയെത്തുകയും ചെയ്ത മുസ്ലിം വിഭാഗത്തിൽപ്പെട്ടവർക്കാണ് വിസ നല്കുക. വിവിധ കാരണങ്ങളാൽ പാക് പാസ്പോർട്ടിൻെറ കാലാവധി കഴിഞ്ഞവരാണ് ഏറെയും. കേരളത്തിലെ പാക്പൗരന്മാരുടെ പ്രശ്നത്തോട് മനുഷ്യത്വപരമായ സമീപനം സ്വീകരിക്കണമെന്നും അവർക്ക് ഇന്ത്യൻപൗരത്വം നല്കണമെന്നും വളരെക്കാലമായി ആവശ്യമുയർന്നിരുന്നു. പാകിസ്താൻെറ ദേശീയ തിരിച്ചറിയൽകാർഡ് ഇല്ലാത്തതും മറ്റുചില സാങ്കേതികതടസ്സങ്ങളുമാണ് ഇവർക്ക് പാകിസ്താൻ പാസ്പോർട്ടിൻെറ കാലാവധി നീട്ടിക്കൊടുക്കുന്നതിന് തടസ്സമായത്. 2009 ഡിസംബർ 31വരെ ഇന്ത്യയിലെത്തിയ പാക്പൗരന്മാർക്ക് മാത്രമാവും ദീർഘകാലം വിസ നല്കുക.

പാകിസ്താനിൽ കഴിയുന്ന ഹിന്ദു, സിഖ് വിഭാഗത്തിൽപ്പെട്ടവർ, ഇന്ത്യക്കാരെ വിവാഹം കഴിച്ച് ഇന്ത്യയിൽകഴിയുന്ന പാകിസ്താനി സ്ത്രീകൾ, പാകിസ്താൻകാരെ വിവാഹം കഴിച്ച് പാകിസ്താനിൽ പോയശേഷം വിധവകളായതിനാലോ വിവാഹമോചനം നേടിയതിനാലോ മടങ്ങിവരേണ്ടിവന്ന ഇന്ത്യൻസ്ത്രീകൾ, ദയ അർഹിക്കുന്ന മറ്റുവിഭാഗങ്ങൾ എന്നിവർക്ക് ദീർഘകാല വിസ അനുവദിക്കാമെന്ന് ആഭ്യന്തരമന്ത്രാലയം അറിയിച്ചു.

മഴ: നാല് വിമാനങ്ങൾ കൊച്ചിയിലേക്ക് തിരിച്ചുവിട്ടു

കൊണ്ടോട്ടി: ഗൾഫിൽ നിന്നെത്തിയ നാല് വിമാനങ്ങൾ കനത്ത മഴയെത്തുടർന്ന് കോഴിക്കോട് വിമാനത്താവളത്തിൽ ഇറങ്ങാൻ കഴിയാതെ കൊച്ചിയിലേക്ക് തിരിച്ചുവിട്ടു. രാവിലെ 6.10ന് അബുദാബിയിൽ നിന്നെത്തിയ എയർഇന്ത്യ എക്സ്പ്രസ്സിൻെറ ഐ എക്സ് 348, 6.40ന് ദുബായിൽ നിന്നെത്തിയ ഐ എക്സ് 344, എട്ടുമണിക്ക് ദോഹ–ബഹറിനിൽ നിന്നെത്തിയ ഐ എക്സ് 474, 8.30ന് ദോഹയിൽ നിന്നെത്തിയ ഖത്തർ എയർവേയ്സിൻെറ ക്യൂ ആർ 284 എന്നീ വിമാനങ്ങളാണ് തിരിച്ചുവിട്ടത്.

ബി.ജെ.പി. ദേശീയ നിർവാഹകസമിതി ഇന്ന് തുടങ്ങും; മോഡി പങ്കെടുക്കും

ഡി.ശ്രീജിത്ത്

പട്ന: ബി.ജെ.പി.യുടെ ദേശീയ നിർവാഹക സമിതി യോഗത്തിന് ബിഹാറിൻെറ തലസ്ഥാനമായ പട്നയിൽ ശനിയാഴ്ച തുടക്കമാവും. നിതിൻഗഡ്കരി അധ്യക്ഷനായശേഷം നടക്കുന്ന ആദ്യയോഗത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിന് പാർട്ടിയെ ശക്തിപ്പെടുത്തുകയാണ് പ്രധാന ലക്ഷ്യം. ബിഹാറിൽ പാർട്ടിയുടെ സഖ്യകക്ഷിയായ ജെ.ഡി.യു.വിന് മുഖ്യമന്ത്രി നിതീഷ്കുമാറിന് പരിക്കേല്പിക്കാതെ, ഹിന്ദുത്വമുഖം തത്കാലം മറച്ചുവെക്കുന്നതാവും യോഗം. എന്നാൽ, തീവ്രഹിന്ദുത്വത്തിൻെറ വക്താവായ ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്രമോഡി സമാപനത്തോടനുബന്ധിച്ചുള്ള റാലിയിൽ സംസാരിക്കുമെന്ന് വ്യക്തമായിട്ടുണ്ട്.

മോഡിയെ നിർവാഹകസമിതി യോഗത്തിൽ നിന്നകറ്റി നിർത്തണമെന്ന് നിതീഷ്കുമാർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ, പാർട്ടിയുടെ സമുന്നതനേതാവായ മോഡി പങ്കെടുക്കണമെന്ന് ബി.ജെ.പി.യിലെ ഒരുവിഭാഗം ശക്തമായി ആവശ്യപ്പെട്ടു. ''പട്നയിലേത് ബി.ജെ.പി. യോഗമാണ്. മോഡി ബി.ജെ.പി.നേതാവും. അതുകൊണ്ട് സമ്മേളനത്തിൽ മോഡി സംസാരിക്കാതിരിക്കേണ്ട കാര്യമില്ല''– പാർട്ടി മുഖ്യവക്താവും ജനറൽസെക്രട്ടറിയുമായ രവിശങ്കർ പ്രസാദ് പട്നയിൽ പറഞ്ഞു.

പ്രധാന വോട്ട് ബാങ്കുകളിലൊന്ന് പിന്നാക്ക മുസ്ലിങ്ങളായതുകൊണ്ട് മോഡിക്കൊപ്പം വേദിപങ്കിടുന്നതിൽനിന്ന് നിതീഷ് കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ വിട്ടുനിന്നിരുന്നു. മോഡിയെ ബിഹാറിൽ കയറാൻ അനുവദിക്കില്ലെന്ന് മുൻമുഖ്യമന്ത്രിയും ആർ.ജെ.ഡി. മേധാവിയുമായ ലാലുപ്രസാദ്യാദവ് പ്രഖ്യാപിച്ചതും മുസ്ലിംവോട്ട് കണ്ടാണ്. മോഡിയുടെ പ്രസംഗം പട്നയിൽ സമുദായധ്രുവീകരണം ഉണ്ടാക്കിയാൽ അതിൻെറ പ്രയോജനം കോൺഗ്രസ്സിനും ആർ.ജെ.ഡി.ക്കുമാവും ലഭിക്കുകയെന്ന് ജെ.ഡി.യു. ഭയക്കുന്നു.

പദ്ധതികൾക്ക് ഇളവു നിഷേധിച്ചത് സി.പി.ഐ. മന്ത്രിമാരുടെ കത്തിനെ തുടർന്ന്

തിരുവനന്തപുരം: സർക്കാറിൻെറ ഒരു വർഷത്തെ കർമ പരിപാടിയിൽ ഉൾപ്പെടുത്തിയ വ്യവസായ പദ്ധതികൾക്ക് നിലവിലുള്ള നിയമങ്ങളിൽ ഇളവു നൽകേണ്ടെന്ന തീരുമാനം മന്ത്രിസഭയെടുത്തത് ചർച്ചകൾക്ക് ശേഷമാണെന്ന് വ്യക്തമാകുന്നു. സി.പി.ഐ.യുടെ കൈവശമുള്ള റവന്യൂ, കൃഷി വകുപ്പുകളുടെ മന്ത്രിമാർ ശക്തമായി ഇടപെട്ടതാണ് തീരുമാനത്തിന് പ്രേരണയായത്. ഇളവു നൽകേണ്ട നിയമങ്ങൾ ഈ രണ്ട് വകുപ്പുകളുമായി ബന്ധപ്പെട്ടവയാണ്.

നിലവിലുള്ള നിയമങ്ങളിൽ ഇളവു നൽകാനാകില്ലെന്ന് ചൂണ്ടിക്കാട്ടി റവന്യൂമന്ത്രി കെ.പി.രാജേന്ദ്രനും കൃഷിമന്ത്രി മുല്ലക്കര രത്നാകരനും മന്ത്രിസഭായോഗത്തിൻെറ തലേന്ന് മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നു. കത്തിൽ നിന്ന്: 'സർക്കാരിൻെറ ഒരു വർഷത്തെ കർമപരിപാടിയിൽ ഉൾപ്പെടുത്തിയ പല പദ്ധതികൾക്കും അനുമതി നൽകുന്നതിന് നിലവിലുള്ള പല നിയമങ്ങളിലും ഇളവു നൽകേണ്ടിവരും. ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ മാത്രമേ കൃഷിഭൂമി മറ്റാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ അനുമതി നൽകാനാകൂ. ഭൂമി ഏറ്റെടുക്കേണ്ടിവന്നാൽ പുനരധിവാസ പാക്കേജിന് മുന്തിയ പരിഗണന നൽകണം. വീടുകൾ നഷ്ടപ്പെടുന്നവരെ പകരം സംവിധാനമില്ലാതെ ഇറക്കിവിടാൻ പാടില്ല.

നിലവിലുള്ള നിയമങ്ങൾ – ഭൂപരിഷ്കരണ നിയമം, ലാൻഡ് അക്വിസിഷൻ ആക്ട്, നെൽവയൽ – തണ്ണീർത്തട സംരക്ഷണ നിയമം തുടങ്ങിയവ പാലിക്കുമെന്ന് ഉറപ്പു വരുത്തി മാത്രമേ ഏത് പദ്ധതിക്കുവേണ്ടിയും നടപടി എടുക്കാവൂ. മിച്ചഭൂമി സംബന്ധിച്ച കാര്യത്തിൽ നിയമാനുസൃതമായേ നടപടി സ്വീകരിക്കാനാവൂ'.

നിയമങ്ങളിൽ ഇളവു നൽകുന്നത് രാഷ്ട്രീയ വിരോധികൾക്ക് തങ്ങൾക്കെതിരെ ഉപയോഗിക്കാൻ ഒരു ഉപകരണം നൽകുന്നതിനു തുല്യമായിരിക്കുമെന്നും മുഖ്യമന്ത്രിക്ക് നൽകിയ കത്തിൽ ഓർമ്മിപ്പിച്ചിരുന്നു.

ഇരുമന്ത്രിമാരും നൽകിയ കത്ത് മുഖ്യമന്ത്രി അജൻഡയ്ക്ക് പുറത്തുള്ള വിഷയങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയാണ് മന്ത്രിസഭായോഗത്തിൻെറ പരിഗണനയ്ക്കുകൊണ്ടുവന്നത്. യോഗത്തിൽ നടന്ന ചർച്ചയിൽ നിലവിലുള്ള നിയമങ്ങളിൽ നിന്ന് വ്യവസായ പദ്ധതികൾക്ക് ഇളവു നൽകാനാകില്ലെന്ന വാദം സി.പി.ഐ. മന്ത്രിമാർ ഉന്നയിച്ചു. മുഖ്യമന്ത്രിയും അതിനോട് യോജിക്കുകയായിരുന്നു.

ഇതേ സമയം മന്ത്രിസഭായോഗത്തിൽ കർമ പരിപാടി ചർച്ചയ്ക്കുവന്നില്ലെന്നും വിവാദ വ്യവസായ പദ്ധതികളുടെ കാര്യം ആരും ഉന്നയിച്ചില്ലെന്നും ശക്തമായ പ്രചാരണം പുറമെ നടക്കുന്നുണ്ട്.

ചോദ്യംചെയ്യൽ പൂർത്തിയായി; ഹെഡ്ലി പറഞ്ഞത് തെറ്റെന്ന് പാകിസ്താൻ

ഇസ്ലാമാബാദ്: മുംബൈ ഭീകരാക്രമണത്തിൽ പാക് പട്ടാള ഓഫീസർമാർക്കും ചാരസംഘടനയായ ഐ.എസ്.ഐ.ക്കും പങ്കുണ്ടെന്ന് ലഷ്കർ–ഇ–തൊയ്ബ ഭീകരൻ ഡേവിഡ് ഹെഡ്ലി വെളിപ്പെടുത്തി എന്ന വാർത്തകൾ പാകിസ്താൻ നിഷേധിച്ചു. ഏഴു ദിവസത്തെ ചോദ്യംചെയ്യൽ പൂർത്തിയാക്കി എൻ.ഐ.എ.സംഘം ഇന്ത്യയിലേക്ക് മടങ്ങി. ചോദ്യംചെയ്യലിന് നിയന്ത്രണങ്ങൾ ഒന്നുമില്ലായിരുന്നെന്ന് ഇന്ത്യയും അമേരിക്കയും വ്യക്തമാക്കി. ചോദ്യചെയ്യലിനിടെ ഹെഡ്ലി വെളിപ്പെടുത്തിയതായി വന്ന കാര്യങ്ങൾ രാജ്യത്തെ അപകീർത്തിപ്പെടുത്താൻ ലക്ഷ്യമിട്ട് ചോർത്തിക്കൊടുത്ത തെറ്റിദ്ധാരണാജനകമായ വിവരങ്ങൾ അടിസ്ഥാനമാക്കിയുള്ളവയായിരുന്നുവെന്ന് പാക് വിദേശകാര്യ വക്താവ് അബ്ദുൾ ബാസിക് പറഞ്ഞു. ഹെഡ്ലിയുടെ വെളിപ്പെടുത്തൽ എന്ന നിലയ്ക്ക് ഇന്ത്യൻ മാധ്യമങ്ങളിൽ വന്ന വാർത്തകൾ മറുപടി അർഹിക്കാത്തവയാണെന്നും വിദേശകാര്യ ഓഫീസിലെ പ്രതിവാര പത്രസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. ഷിക്കാഗോ ജയിലിൽ കഴിയുന്ന ഹെഡ്ലിയെ ദേശീയ അന്വേഷണ ഏജൻസി (എൻ.ഐ.എ) ചോദ്യം ചെയ്തപ്പോൾ പാക് പാട്ടാള ഓഫീസർമാരുടെ പങ്ക് വെളിപ്പെടുത്തിയെന്നായിരുന്നു റിപ്പോർട്ട്. ജൂൺ മൂന്നിന് ഹെഡ്ലിയെ ചോദ്യംചെയ്യാൻ തുടങ്ങിയ എൻ.ഐ.എ. സംഘം ഏഴുദിവസത്തെ ചോദ്യംചെയ്യൽ പൂർത്തിയാക്കിയാണ് ഇന്ത്യയിലേക്ക് മടങ്ങിയത്.

കസബിനും കൂട്ടർക്കും ചുവന്ന ചരട് കെട്ടാൻ നൽകിയത് ഹെഡ്ലി

മുംബൈ: അജ്മൽ കസബ് ഉൾപ്പെടെയുള്ള ഭീകരർക്കു കൈയിൽ കെട്ടാനുള്ള ചുവന്ന ചരടുകൾ ഡേവിഡ് ഹെഡ്ലി സിദ്ധി വിനായക് ക്ഷേത്രത്തിൽ നന്നു വാങ്ങിക്കൊണ്ടുപോയതാണെന്ന് നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി വെളിപ്പെടുത്തി.

ഭീകരാക്രമണത്തിന് എത്തിയ ഇവർ പാകിസ്താനിൽ നിന്നുള്ളവരല്ലെന്ന് ബോധ്യപ്പെടുത്താനായിട്ടായിരുന്നുകൈയിൽ ചുവന്ന ചരടുകൾ കെട്ടിയത്. കണ്ടാൽ ഹിന്ദുക്കളെപ്പോലെ തോന്നണമെന്ന ലക്ഷ്യവും ഇതിനു പിന്നിൽ ഉണ്ടായിരുന്നു.

2008 ജൂലായിൽ മുംബൈ സന്ദർശിച്ച വേളയിലാണ് ഹെഡ്ലി ചുവന്ന ചരടുകൾ വാങ്ങിക്കൊണ്ടുപോയത്. 15 ചരടുകളാണ് അന്ന് ഹെഡ്ലി ക്ഷേത്രം കാണുന്നതിനിടയിൽ വാങ്ങിയത്. ക്ഷേത്രവും ഭീകരാക്രമണത്തിനുവേണ്ടി ഹെഡ്ലി നിരീക്ഷണ വിധേയമാക്കിയിരുന്നു. ഹെഡ്ലി ആദ്യം ക്ഷേത്രം സന്ദർശിച്ച വേളയിലാണ് ചുവന്ന ചരടുകളെക്കുറിച്ച് വിവരം ലഭിച്ചത്. ഇവിടെ ഹെഡ്ലിയെ കൊണ്ടുപോയ ആൾ ഈ ചരടുകൾ ഹിന്ദുക്കൾ മാത്രമേ കൈയിൽ കെട്ടുകയുള്ളൂവെന്നു പറഞ്ഞിരുന്നു. പിശാചിൽ നിന്നുള്ള സംരക്ഷണത്തിനുവേണ്ടിയാണ് ഈ ചരടുകൾ ഹിന്ദുക്കൾ കെട്ടുന്നതെന്ന് ഇയാൾ ഹെഡ്ലിയോടു പറയുകയുണ്ടായി. അന്ന് ഹെഡ്ലി ചുവന്ന ചരടുകളിൽ ഒരെണ്ണം വാങ്ങി പാകിസ്താനിൽ കൊണ്ടുപോയി. ലഷ്കർ–ഇ–തോയ്ബയുടെ പ്രധാനികൾ ഹെഡ്ലിയുടെ കൈയിലെ ചുവന്ന ചരടുകണ്ടു. ഇത് എന്താണെന്നു അവർ ഹെഡ്ലിയോട് തിരക്കി. ഹിന്ദുക്കൾ കൈയിൽ കെട്ടുന്ന പവിത്ര ചരടാണിതെന്നും ഭീകരാക്രമണത്തിനുപോകുന്നവരുടെ കൈയിൽ ഈ ചരടുകൾ കെട്ടിയാൽ അന്വേഷണ ഏജൻസികളെ തെറ്റിദ്ധരിപ്പിക്കാമെന്നും ഹെഡ്ലി അവരോട് പറഞ്ഞു. ഇത് ലഷ്കർ–തോയ്ബ നേതാക്കൾക്കു ബോധിച്ചതിനെ തുടർന്നാണ് കസബ് ഉൾപ്പെടെയുള്ളവരുടെ കൈയിൽ ചരടുകൾ കെട്ടിയത്. ഹിന്ദുപേരുകളിലുള്ള തിരിച്ചറിയൽ കാർഡുകൾ കസബ് ഉൾപ്പെടെയുള്ളവർക്കു നൽകിയതും ഹെഡ്ലിയുടെ ആശയമായിരുന്നു. 2006 സപ്തംബറിലാണ് ഹെഡ്ലി ആദ്യമായി ഇന്ത്യയിൽ എത്തിയത്. ഒരു എമിഗ്രേഷൻ സ്ഥാപനം ആരംഭിക്കുന്നതിനു വേണ്ടി എന്ന് പറഞ്ഞായിരുന്നു ഇയാളുടെ അന്നത്തെ സന്ദർശനം. താർദേവിൽ അന്നു ഹെഡ്ലി ഓഫീസ് എടുത്തു. അവിടെ റിക്രൂട്ട്മെൻറ് സെൻറർ ആരംഭിച്ചു.

സൗജന്യ തൊഴിലുറപ്പ് പരിശീലനം*

പഠനശേഷം കേന്ദ്രസർക്കാർ സർട്ടിഫിക്കറ്റ് നേടാം

PLACEMENT ASSISTANCE ○ EMBASSY ATTESTATION

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സങ്കേതിക വിദ്യാഭ്യാസരത്ന പുരസ്കാർ അവാർഡ് നേടിയ **ST. ANTONY'S EDUCATIONAL CHARITABLE TRUST** Under Govt. of India കേരളത്തിലുടനീളം നടത്തി വരുന്ന സൗജന്യ തൊഴിലധിഷ്ഠിത പരിശീലന പദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. 15 ദിവസത്തിനകം അപേക്ഷിക്കുന്നവർക്ക് കോഴ്സ് ഫീ തികച്ചും സൗജന്യമാണ്.

സർക്കാർ മുൻകൈ എടുത്ത് നടപ്പിലാക്കുന്ന I.T. Park, Smart City, I.T. Projects, Info Park, Techno Park, Multi NationalCompanies, Private Firms, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിക്കുന്നതിനാവശ്യമായി പ്രത്യേകം തയ്യാറാക്കിയ പാഠ്യപദ്ധതികളിലൂടെ മികച്ച ജോലി ലഭിക്കാൻ സുവർണാവസരമൊരുക്കുന്നു.+2/Degree/PG പഠനത്തോടൊപ്പം പാർട്ട് ടൈം ആയി പരിശീലനം നേടാൻ സൗകര്യമുള്ളതുകൊണ്ട് വളരെ നേരത്തെതന്നെ തൊഴിലിൽ ഏർപ്പെടാൻ സാധിക്കുന്നു. കോഴ്സുകളിൽ ചേരുവാൻ പ്രായപരിധിയോ മുൻപരിചയമോ ആവശ്യമില്ല.

2008 2009 ലെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സങ്കേതിക വിദ്യാഭ്യാസരത്ന പുരസ്കാർ അവാർഡ് ബഹു. ജസ്റ്റിസ്. വി.ആർ. കൃഷ്ണയ്യരിൽനിന്നും സെന്റ് ആന്റണീസ് എഡ്യൂക്കേഷണൽ ട്രസ്റ്റിന്റെ ചെയർമാൻ ഏറ്റുവാങ്ങുന്നു

LAST DATE OF APPLICATION 20/06/10 | Regular/Holiday/ Part Time/ Vacation ബാച്ചുകൾ ഉണ്ടായിരിക്കുന്നതാണ്. | * Reg. Fee, Exam fee should be paid

COURSES OFFERED

1. Diploma in Computerised Financial Accounting (DCFA-3 Mon) — പഠിച്ച ഉടനെ Accountant ആകാം
2. Diploma in Office Administration & Payroll Management (3 Mon) — പഠിച്ച ഉടനെ Office Administrator ആകാം
3. Diploma in Graphic Designing & Advertising (DGDA- 3 Mon) — പഠിച്ച ഉടനെ Graphic Designer ആകാം
4. Diploma in Computer Hardware & NetWorking (DCHN- 3 Mon) — പഠിച്ച ഉടനെ System Engineer ആകാം
5. Diploma in Business Process Outsourcing (BPO- 3 Mon) — പഠിച്ച ഉടനെ Out sourcer ആകാം
6. Diploma in Store Keeping (7). Diploma in Web Designing — പഠിച്ച ഉടനെ Store Keeper / Webdesigner ആകാം
8. Diploma in Computer Teachers Training (CTTC) — പഠിച്ച ഉടനെ Computer Teacher ആകാം
9. Diploma in Computer Application (DCA - 6 Mon) — പഠിച്ച ഉടനെ Computer Operator ആകാം
10. P.G. Diploma in Multimedia & Animation (PGDMA - 1 Year) — പഠിച്ച ഉടനെ Animator ആകാം
11. P. G. Diploma in Computer Application (PGDCA - 1 Year) — പഠിച്ച ഉടനെ Programmer ആകാം
12. Diploma in Computer Aided Design (AUTO CAD - 3 Mon) — പഠിച്ച ഉടനെ CAD Designer ആകാം

അഡ്മിഷൻ ലഭിക്കാൻ ചെയ്യേണ്ടത് :– 1. നിങ്ങളുടെ പേര്, 2. പൂർണ്ണവിലാസം (പിൻകോഡ് നിർബന്ധം), 3. വയസ്സ്, 4. ടെലിഫോൺ നമ്പർ (കോഡ് സഹിതം), 5. ജില്ല, 6. വിദ്യാഭ്യാസ യോഗ്യത, 7. ചേരുവാനുദ്ദേശിക്കുന്ന സ്ഥലം, 8. ചേരുവാനുദ്ദേശിക്കുന്ന കോഴ്സ് എന്നിവ ക്രമത്തിൽ ഒരു Space ഇടവിട്ട് SMS വഴി അയക്കാവുന്നതാണ്. SMS No. 9995456267 അല്ലെങ്കിൽ മടക്ക തപാലിനുള്ള കവർ സഹിതം വെള്ളകടലാസ്സിൽ എഴുതി തയ്യാറാക്കി അപേക്ഷിക്കാവുന്നതാണ്. കോഴ്സിൽ ചേരുവാനുള്ള കുറഞ്ഞ യോഗ്യത S.S.L.C. യാണ്. വനിതകൾക്കും പുരുഷൻമാർക്കും പ്രവേശനം നൽകുന്നു. University Exam ഉള്ള വിദ്യാർത്ഥികൾക്ക് Examനു ശേഷം കോഴ്സുകൾ തുടങ്ങാവുന്നതാണ്. അപേക്ഷകർക്ക് 10 ദിവസത്തിനകം തപാലിൽ മറുപടി ലഭിക്കുന്നതാണ്.

അപേക്ഷകൾ അയക്കേണ്ട വിലാസം : The DIRECTOR, St. Antony's Educational Charitable Trust, B2, 1st Floor, V. B. Udyog Bldg, St. Vincent Road, Cochin-18. Help line : 9995433568, 9995433578 0484 - 2397989

കോഴ്സുകൾ ആരംഭിക്കുന്ന സെന്ററുകൾ: കോഴിക്കോട്, അരിയടത്തുപാലം, കൊയിലാണ്ടി, വടകര, തലശ്ശേരി, മുക്കം, ബാലുശ്ശേരി, പേരാമ്പ്ര, കുറ്റിയാടി, താമരശ്ശേരി, പയ്യോളി, രാമനാട്ടുകര, മലപ്പുറം, കുന്നമംഗലം, നാദാപുരം, കല്ലാച്ചി, പൂവാട്ടുപറമ്പ്, സുൽത്താൻബത്തേരി, മാനന്തവാടി, കൽപറ്റ, പനമരം, പുൽപ്പള്ളി.

ഫ്രാഞ്ചൈസികൾ ക്ഷണിക്കുന്നു. contact : apply2act@gmail.com